# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2510 08.05.2017 -ലെ മറുപടി

**ഭൂഗർഭ ജലത്തിന്റെ അമിതമായ ഉപയോഗം നിയന്ത്രിക്കുന്നതിന് നടപടി**

**ചോദ്യം**

**ശ്രീ.എ.പി. അനിൽ കുമാർ**

**,, കെ.എസ്.ശബരീനാഥൻ**

**,, ഷാഫി പറമ്പിൽ**

**,, അനൂപ് ജേക്കബ്**

**മറുപടി**

മാത്യു ടി. തോമസ്

(ജലവിഭവ വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| എ) | വരൾച്ച രൂക്ഷമായ സാഹചര്യത്തിൽ ഭൂഗർഭ ജലത്തിന്റെ അമിതമായ ഉപയോഗം നിയന്ത്രിക്കുന്നതിന് കൈക്കൊണ്ട നടപടികൾ വിശദമാക്കുമോ; | എ) | സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി, സംസ്ഥാനത്ത് സ്വകാര്യ കുഴൽകിണർ നിർമ്മാണ ഏജൻസികൾക്ക് 31.05.2017 വരെ നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട് കൂടാതെ നിലവിലെ കടുത്ത വരൾച്ചയുടെ പശ്ചാത്തലത്തിൽ കുപ്പിവെള്ള കമ്പനികളുടെ പ്രതിദിന ഭൂജല ഉപഭോഗം 75% കുറയ്ക്കണമെന്നുള്ള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഭൂജല വകുപ്പ് എൻ.ഒ.സി. നൽകിയ കുപ്പിവെള്ള കമ്പനികൾക്ക് ഭൂജല ഉപഭോഗം കുറയ്ക്കാൻ ഭൂജല വകുപ്പ് നിർദ്ദേശം നൽകിയിട്ടുണ്ട് |
| ബി) | സംസ്ഥാനത്ത് കണ്ടെത്തിയിട്ടുള്ള ഭൂഗർഭ ജലചൂഷണം അധികമുള്ള സ്ഥലങ്ങൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ; | ബി) | സംസ്ഥാനത്തെ ഭൂജലവിഭവ ശേഷി തിട്ടപ്പെടുത്തുന്നതിനായി ഭൂജല വകുപ്പും കേന്ദ്ര ഭൂജല ബോർഡും സംയുക്തമായി പഠനം നടത്തി ഭൂജലത്തിന്റെ അളവ് സംബന്ധിച്ച റിപ്പോർട്ട് തയ്യാറാക്കി വരുന്നു. ഡയനാമിക് ഗ്രൗണ്ട് വാട്ടർ റിസോഴ്സ് ഓഫ് കേരള - മാർച്ച് - 2013 വരെയുള്ള റിപ്പോർട്ട് അനുസരിച്ച് ഭൂഗർഭ ജലത്തിന്റെ സ്ഥിതിയെ അടിസ്ഥാനപ്പെടുത്തി സംസ്ഥാനത്തെ<br>പാലക്കാട് ജില്ലയിലെ ചിറ്റൂർ ബ്ളോക്ക് അമിത ചൂഷിത ബ്ളോക്കായും, കാസർഗോഡ് ജില്ലയിലെ കാസർഗോഡ് ബ്ളോക്ക്, പാലക്കാട് ജില്ലയിലെ മലമ്പുഴ ബ്ളോക്ക് എന്നിവ ക്രിട്ടിക്കൽ ബ്ലോക്കുകളായും, കണ്ണൂർ ജില്ലയിലെ കണ്ണൂർ, പാനൂർ തലശ്ശേരി, ഇടുക്കി ജില്ലയിലെ കട്ടപ്പന, നെടുങ്കണ്ടം, കാസർഗോഡ് ജില്ലയിലെ മഞ്ചേശ്വർ, കൊല്ലം ജില്ലയിലെ മുഖത്തല, കോഴിക്കോട് ജില്ലയിലെ ബാലുശ്ശേരി, കുന്നമംഗലം, മലപ്പുറം ജില്ലയിലെ താനൂർ, തിരൂരങ്ങാടി, വേങ്ങര പാലക്കാട് ജില്ലയിലെ ശ്രീകൃഷ്ണപുരം, തിരുവനന്തപുരം ജില്ലയിലെ അതിയന്നൂർ, ചിറയിൻകീഴ്, |

| | | | |
|---|---|---|---|
| | | | പാറശ്ശാല, തൃശ്ശൂർ ജില്ലയിലെ ചൊവ്വന്നൂർ, മതിലകം എന്നീ ബ്ളോക്കുകൾ സെമി ക്രിട്ടിക്കൽ വിഭാഗത്തിലും, ബാക്കിയുള്ള 131 ബ്ളോക്കുകൾ സേഫ് വിഭാഗത്തിലുമാണ് ഉൾപ്പെടുന്നത്. |
| സി) | സംസ്ഥാനത്ത് കുഴൽ കിണർ നിർമ്മാണം നിയന്ത്രിക്കുന്നതിന് എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ടെന്ന് വിശദമാക്കുമോ? | സി) | വിജ്ഞാപനം ചെയ്യപ്പെട്ട ബ്ലോക്കുകളിൽ കുഴൽകിണറുകൾ നിർമ്മിക്കുന്നതിന് ഭൂജല വകുപ്പ് നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട് സംസ്ഥാനത്ത് ഭൂജലത്തിന്റെ ഉപയോഗം നിയന്ത്രിക്കുന്നതിനും ക്രമീകരിക്കുന്നതിനും വേണ്ടി കേരള ഭൂജലം (ക്രമീകരണവും നിയന്ത്രണവും) ആക്റ്റ് 2002 നിലവിലുണ്ട് ബ്ലോക്കുകൾ വിജ്ഞാപനം ചെയ്യപ്പെടുകയും ഇവിടങ്ങളിൽ ഭൂജല ഉപയോഗത്തിന് നിയന്ത്രണങ്ങൾ ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട് വിജ്ഞാപനം ചെയ്യപ്പെട്ട ബ്ലോക്കുകളിൽ കുഴൽകിണർ നിർമ്മാണത്തിന് ഭൂജല അതോറിറ്റിയുടെ പെർമിറ്റ് ആവശ്യമാണ്. 2011-ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടം, അധ്യായം 14, ചട്ടം 93(എ) അനുസരിച്ച് കുഴൽകിണറുകൾ നിർമ്മിക്കുന്നതിന് അതാതു പഞ്ചായത്തിന്റെ അനുമതി ആവശ്യമാണ്. പഞ്ചായത്തിൽ നിന്നും ഈ അനുമതി ലഭിക്കുന്നതിന് ഭൂജലവകുപ്പിന്റെ നിരാക്ഷേപപത്രം ആവശ്യമാണ്. സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി, സംസ്ഥാനത്ത് സ്വകാര്യ കുഴൽകിണർ നിർമ്മാണ ഏജൻസികൾക്ക് 31.05.2017 വരെ നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട് . |

സെക്ഷൻ ഓഫീസർ